## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ . 28 | 10.06.2013- ലെ മറുപടിക്ക്

## പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിൽ നിർദ്ദേശിച്ച പദ്ധതികൾ നടപ്പിലാക്കുവാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ : | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) കാസർഗോഡ് ജില്ലയുടെ വികസനത്തിനായി നിയമിച്ച പ്രഭാകരൻ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിൽ നിർദ്ദേശിച്ച പദ്ധതികൾ നടപ്പിലാക്കുവാൻ എന്തു തുകയാണ് വേണ്ടി വരുന്നത് ; | (എ) കാസർഗോഡ് ജില്ലയുടെ വികസനത്തിനുവേണ്ടി 11,123.07 കോടി രൂപയുടെ ഒരു പാക്കേജ് പ്രഭാകരൻ കമ്മീഷൻ സംസ്ഥാന ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത തുക എങ്ങനെയാണ് സ്വരൂപിക്കുന്നത് ; | (ബി) റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുളള 11,123.07 കോടി രൂപയുടെ പരിപാടികളിൽ 2524.56 കോടി രൂപ സംസ്ഥാന സർക്കാർ വിഹിതമായും 756.19 കോടി രൂപ കേന്ദ്ര സർക്കാരിന്റെ വിഹിതമായും 543 കോടി രൂപ പുറമെ നിന്നുളള ഏജൻസികളുടെ വിഹിതമായും 35.16 കോടി രൂപ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിഹിതമായും 7264.16 കോടി രൂപ സ്വകാര്യ പങ്കാളിത്തവും കേന്ദ്ര പൊതു മേഖലാ സ്ഥാപനങ്ങളുടെ വിഹിതമായും ഉൾപ്പെടുത്തിയിരിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | സർക്കാർ ഇതിലേക്കായി എന്തു തുകയാണ് വകയിരുത്തിയിട്ടു ളളത് ; | (സി) | 2013-14-ലെ ബജറ്റിൽ പ്രസ്തുത പാക്കേ ജിന്റെ ഒന്നാം ഘട്ടം എന്ന നിലയിൽ 25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരം ഏതെല്ലാം പദ്ധതിക ളാണ് നടപ്പിലാക്കുവാൻ തുടങ്ങി യിട്ടുളളത് എന്നറിയിക്കാമോ ? | (ഡി) | പദ്ധതികൾ നടപ്പിലാക്കുവാൻ തുടങ്ങി യിട്ടില്ല. |

**സെക്ഷൻ ഓഫീസർ**